## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5848 — 25.05. 2017 ൽ മറുപടിക്ക്

### കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി നിരക്ക് ഏകീകരിക്കാൻ നടപടി

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

**ഉത്തരം**

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾക്ക് വ്യാവസായിക നിരക്കിലും ലോ ബാങ്ക് ധനസഹായത്തോടെയുമുള്ള ജലനിധി കുടിവെള്ള പദ്ധതികൾക്ക് ഗാർഹിക നിരക്കിലും വൈദ്യുതി നൽകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ് പരിഷ്കരിക്കുന്നതിനും നിർണ്ണയിക്കുന്നതിനുമുള്ള അധികാരം വൈദ്യുതി നിയമം 2003–ലെ 45,62,86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിൻ പ്രകാരം 17.04.2017–ലെ ഉത്തരവിലൂടെ ഏതാനും ചില ഉപഭോക്തൃ വിഭാഗങ്ങളുടെ താരിഫ് പരിഷ്കരിക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം ശുദ്ധജല വിതരണ പദ്ധതികൾ 'LT IV(A) - വ്യവസായം' താരിഫിലും, ജലനിധി പദ്ധതികൾ 'LT I–ഗാർഹികം' താരിഫിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലഭ്യമായ വിവരങ്ങൾ പ്രകാരം 1980 മുതൽക്കു തന്നെ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ളതും, അല്ലാത്തതുമായ ശുദ്ധജല വിതരണപദ്ധതികൾ 'LT IV(A) - വ്യവസായ' താരിഫിലുൾപ്പെടുത്തിയാണ് ബില്ല് ചെയ്തു വരുന്നത്. ഇങ്ങനെയുള്ള ശുദ്ധജല വിതരണ പദ്ധതികൾ സംസ്ഥാനത്തെ ഗാർഹികാവശ്യത്തിനു വേണ്ടി മാത്രമല്ല, വാണിജ്യ ഗാർഹികേതര, വ്യാവസായിക ആവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത താരിഫിൽ ബില്ല് ചെയ്തു വരുന്നത്.<br><br>എന്നാൽ ഗ്രാമീണമേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയാണ് സംസ്ഥാന ഗവൺമെന്റ് ജലനിധി പദ്ധതി നടപ്പിലാക്കിയത്. ഗ്രാമീണ മേഖലയിലുള്ള അയൽപക്കത്തുള്ള ഏതാനും കുടുംബങ്ങൾ ചേർന്ന് ജലസ്രോതസ്സ് കണ്ടെത്തി പരിപാലിച്ച് അനുബന്ധ സംവിധാനങ്ങൾ ഏർപ്പെടുത്തി ഗാർഹികാവശ്യത്തിനു മാത്രമായി ഉപയോഗിക്കുന്നതിനു വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന വൈദ്യുതി ബോർഡ് ടി പദ്ധതിയുടെ എല്ലാ വശങ്ങളും പരിശോധിക്കുകയും പദ്ധതി വാണിജ്യാവശ്യത്തിനല്ല എന്ന കാര്യം പരിഗണിക്കുകയും കൂടാതെ പദ്ധതിയുടെ പരിപാലനചെലവ് ഗുണഭോക്താക്കൾ വഹിക്കുകയും ചെയ്യുന്നതിനാൽ 15,12.2004 മുതൽ ജലനിധി പദ്ധതിക്കും അതുപോലെയുള്ള മറ്റു |

| | |
|---|---|
| | പദ്ധതികൾക്കും (16.08.2014 മുതൽ 17.04.2017 വരെയുള്ള കാലയളവൊഴിച്ച്) ഗാർഹിക താരിഫിൽ തന്നെ ബില്ല് ചെയ്തു വരുന്നു. |
| (ബി) സംസ്ഥാനത്തെ എല്ലാ കുടിവെള്ള പദ്ധതികൾക്കും വൈദ്യുതി നിരക്ക് ഏകീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) വൈദ്യുതി നിയമം 2003-ലെ വിവിധ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി താരിഫ് പരിഷ്ക്കരിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. |
| (സി) വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.യ്ക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട്; ഗ്രാമീണ പദ്ധതികളുടെയും നഗരപദ്ധതികളുടെയും തുക വേർതിരിച്ച് വ്യക്തമാക്കാമോ ? | (സി) 2017 ഏപ്രിൽ അവസാനം വരെ എൽ.ടി. വിഭാഗത്തിൽ കേരള വാട്ടർ അതോറിറ്റി നൽകാനുള്ള വൈദ്യുതി ചാർജ് കുടിശ്ശിക 4,64,47,33,435/- രൂപയാണ്. ഇതിൽ ഗ്രാമീണ പദ്ധതികൾക്കായി 3,78,20,66,330/- രൂപയും നഗര പദ്ധതികൾക്കായി 86,26,67,105/- രൂപയും കുടിശ്ശികയുണ്ട്. കേരള വാട്ടർ അതോറിറ്റി എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗത്തിൽ 552.10 കോടി രൂപ (5,52,10,06,244/- രൂപ) 31.03.2017-ൽ, വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ